LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം തിരുമുല്ലാവാരം ബീച്ച് വികസനം

320 (2876) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തിരുമുല്ലാവാരം ബീച്ച് വികസനം സംബന്ധിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) കൊല്ലം തിരുമുല്ലാവാരം ബീച്ച് വികസനത്തിനായി താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾക്കൊള്ളുന്ന പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്:

(a) Curb wall

(b) Concrete paving

(c) Toilet building

(d) Pavilion

(e) Miscellaneous items

(ബി) പ്രസ്തുത പദ്ധതിക്ക് 1,28,00,000 രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 75,00,000 രൂപ കൊല്ലം ഡി.റ്റി.പി.സി.ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അരുർ-അരുർക്കുറ്റിയിലെ ഹൗസ് ബോട്ട് ടെർമിനൽ

321 (2877) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്യൂട്ട് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി അരുർ മണ്ഡലത്തിലെ അരുർക്കുറ്റിയിൽ നിർമ്മിക്കുന്ന ഹൗസ് ബോട്ട് ടെർമിനലിനോട് ചേർന്ന എക്സൈസ്, റവന്യൂ, ആരോഗ്യം എന്നീ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങൾ കാട്ടു

പിടിച്ചു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സ്ഥലത്ത് ലാന്റ് സ്കേപ്പിംഗ് നടത്തി ഒരു പാർക്ക് സ്ഥാപിക്കുകയാണെങ്കിൽ മാത്രമേ ബോട്ട് ടെർമിനൽ കൊണ്ട് ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയുള്ളൂ എന്നുള്ളവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിവിധ വകുപ്പുകളുടെ കൈവശം ഉള്ള സ്ഥലങ്ങൾ ടൂറിസം വകുപ്പിന് ലഭ്യമാക്കി ഒരു പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

322 (2878) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പ്രോജക്ടുകൾ ഏതെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ കാലാവധി എത്ര ; ഏത് ഏജൻസിയെയാണ് പണികൾ ഏൽപിച്ചിരിക്കുന്നത് ; എന്ത് ഉകയ്യാണ് പണികൾ ഏൽപ്പിച്ചിട്ടുള്ളത് ; നിർവ്വഹണ ചുമതല ആർക്കാണ് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്താനും അപാകതയുണ്ടെങ്കിൽ പരിഹരിക്കാനും ചുമതലപ്പെട്ട ഡി.ടി.പി.സി. ചെയർമാൻ, സെക്രട്ടറി എന്നിവർ പദ്ധതി പുരോഗതി വിലയിരുത്താൻ എന്ത്നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; പദ്ധതികൾ ലക്ഷ്യം കാണാതെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ അടഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ബി) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി ടൂറിസം വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly